
# GTHSS SHOLAYOOR



# ~~RILL~~

*നിശബ്ദതയുടെ താഴ്വാരത്തിൽ നിന്നുള്ള മനോഹരമായ ഒരു സംഗീതം..........*
*നിശബ്ദതയുടെ നീർച്ചാലുകൾ അതിജീവിച്ചുള്ള ഒരു ഉയർത്തെഴുന്നേൽപ്പ് ...........*
*കാനനവും ,പുഴകളും ,ജൈവവൈവിദ്ധ്യവും കൊണ്ട് സമ്പന്നമായ ഭൂപ്രകൃതി .....*
*ഇവിടെ ആധുനികതയുടെ ക്രൂരമുഖങ്ങൾ ദുർമുഖം കാണിക്കാതിരുന്ന കാലത്ത് നിഷ്കളങ്കരായ കുരുന്നുകൾ താഴ്വാരങ്ങൾ താണ്ടി ,അക്ഷര വെളിച്ചം തേടി വിദ്യാലയങ്ങളിലേക്ക് ......പൈതൃക സ്വത്തായി ലഭിച്ച ,ആധുനിക സ്പർശം ഇല്ലാത്ത ജീവിതത്തിലൂടെ -ദാരിദ്ര്യം നിറഞ്ഞതും, തകർന്നടിഞ്ഞതുമായ മൺപാതകളെ അതിജീവിച്ച് പഠനത്തിലും ജീവിതത്തിലും വിസ്മയങ്ങൾ തീർക്കുന്നു ....ഇന്ന് കുട്ടികൾ വളർന്നു പഠനത്തിൽ .ഈ താഴ്വാരത്തുനിൽ നിന്നും ലഭിച്ച അറിവിൻറ് വെളിച്ചം ഇനി ഉള്ള കാലം ഏതു ഇരുട്ടു നിറഞ്ഞ മാർഗ്ഗവും പിന്നിട്ടു മുന്നേറാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു .....*

**RILL**

*എഡിറ്റോറിയൽ ടീം*



# ആശംസ

വിവരവിനിമയ സാങ്കേതികവിദ്യയുടെ നൂതനലോകത്തിലേക്ക് കുതിച്ചുയരാൻ തയ്യാറായ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ വൈവിധ്യമാർന്നപ്രവർത്തനങ്ങളില്യ

ടെമികവ്പുലർത്തുന്നു.
സാങ്കേതികവിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ളവരായിത്തീരാൻ ലിറ്റിൽകൈറ്റ്സ് കുട്ടികൾക്ക് കഴിയട്ടെ

എന്ന് ആശംസിക്കുന്നു.

കല്ല്യാണിക്കുട്ടി.എം

ഹെഡ്മിസ്ട്രസ്

ജി.ടി.എച്ച്.എസ്.എസ്ഷോളയൂർ.

## എഡിറ്റോറിയൽ

ലിറ്റിൽ കൈറ്റ്സിനു കീഴിൽ ഈ ചെറിയ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നതിൽ ഞങ്ങൾ ഏറെ സന്തോഷിക്കുന്നു.വിവര സാങ്കേതിക രംഗത്തെ വളർച്ച ഇന്ന് സമൂഹത്തിന്റെ എല്ലാ മേഖകളിലും നടപ്പാക്കുന്നു.കുട്ടികളുടെ സാങ്കേതിക കഴിവുകളെ പരിപോഷിപ്പിക്കുന്നതിൽ ലിറ്റിൽ കൈറ്റ്സിന് വലിയ സ്വാധീനം ഉണ്ട്.ഇന്ന് കേരളത്തിലെ പൊതുവിദ്യാലയങ്ങൾ എല്ലാം ഹൈടെക്ക് ആയി മാറിരിക്കുന്നു.അതുകൊണ്ടുതന്നെ ഡിജിറ്റൽ പഠനവും വിവരശേഖരണവും ഏറെ പ്രാധാന്യം അർഹിക്കുന്നു.ഈ ഡിജിറ്റൽ മാഗസിൻ പൂർത്തികരിക്കുന്നതിൽ ഞങ്ങൾക്ക് നിർദേശങ്ങൾ തന്ന ഞങ്ങളുടെ പ്രധാനാധ്യാപിക കല്ല്യണിക്കുട്ടി ടിച്ചർ,സീനിയർ അധ്യാപകൻ സുനിൽകമാർ,സ്നേഹനിധികളായ മറ്റ് അധ്യാപകർ,വിദ്യാർത്ഥികൾ,മറ്റ് കൈറ്റ് അംഗങ്ങൾ തുടങ്ങി ഇതിൽ സഹകരിച്ച എല്ലാവരോടും നന്ദിയും കടപ്പാടും അറിച്ചുകൊണ്ട് നിങ്ങൾക്കായി സമർപ്പിക്കുന്നു.

സ്റ്റുഡന്റ് എഡിറ്റർ

സുചിത്ര

കൈറ്റ് മാസ്റ്റർ

സാംകുഞ്ഞ് പി.ജെ

കൈറ്റ് മിസ്ട്രസ്

സുമ എസ്


കഥ

കവിത

ലേഖനം

അനുഭവങ്ങൾ

ചിത്രങ്ങൾ








# സുന്ദരമായ നാട്


Vrishnapriya
IX A

ദൈവത്തിന്റെ  നാടായ കേരളത്തിലെ പ്രകൃതിരമണിയമായ ചില സ്ഥലങ്ങളിൽ ഒന്നാണ് നമ്മുടെ  ഈ കൊച്ചു അട്ടപ്പാടി.ദേശീയപാർക്കുകളിൽ ഒന്നാണ് സൈലന്റ് വാലി.ടൂറിസ്റ്റുകളിൽ സൈലന്റ് വാലിയെ  ആകർഷിക്കുന്നത് സിംഹവലൻ കുരങ്ങുകളും സൈലന്റ് വാലിയുടെ താഴ്വരയിൽ കൂടി കുന്തിരപ്പുഴ ഒഴുകുന്നു. ജലസമൃദ്ധിയായ ഒരു പുഴയും കൂടി അട്ടപ്പാടിയിൽ ഉണ്ട് അതാണ് ശിരുവാണി. കൃഷിചെയ്താണ് ഇവിടെത്തെ ജനങ്ങൾ ജീവികുന്നത്. ഭക്തിക്ക് വളരെ ഏറെ പ്രാധാന്യം നൽകുന്നു.അട്ടപ്പാടിയിൽ അറിയപ്പെടുന്ന ഒരു ക്ഷേത്രമാണ് മല്ലീശ്വര ക്ഷേത്രം. ഇരുപത് കിലോമീറ്റർ വനാന്തരതിലൂടെയുള്ള ഒരു ചുരമുണ്ട്. ഔഷധസസ്യങ്ങൾ കൊണ്ട് നിറഞ്ഞതാണ് ഈ പ്രദേശം.നമ്മളെ ഉപദ്രവിക്കാത്ത നമ്മുക്ക് സന്തോഷം നൽകുകയും രസകരമായി

തീരുന്നതുമായ
ചെറിയ
ചെറിയ
മൃഗങ്ങളും
കാണപ്പെടുന്നു.
ഇവിടെ മൂന്ന്
വിഭാഗം
ജനങ്ങൾ
ജീവിക്കുന്നു.
ഇരുള , മുഡുക ,
കുറുമ്പ
എന്നിവരാണ്.



ഇവരുടെ തനത് കലാരൂപമാണ് കുമ്മി. ഈ സുന്ദരമായ പ്രദേശം ഇപ്പോൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നു





Suchithra

IXA

# എന്റെ പൂവ്

എന്തൊരു ഭംഗിയാണെൻ പുഷ്പമേ
നിൻ ചിറകുകൾക്ക്
നിന്റെ പിഞ്ചിരികാണുമ്പോൾ എൻ
മനസിനു  ലഭ്യമാകുന്ന സന്തോഷം
നിൻ ആകാരം എൻ കണ്ണുകളെ
വിസ്മയിപ്പിക്കുന്ന മന്നമാക്കുന്നു
നിൻ ഓജസ്സാർന്ന മൊട്ടുകളിൽ
നിൻ പുഞ്ചിരിയുടെ നിറം കാണാം
എൻ സ്നേഹവും വാത്സല്യവും
എൻ മനസ്സിനെ കവരുന്ന പുഷ്പമേ
നി എൻ ജീവൻ......



*Aswathy*
*IXB*

# സൗഹൃദം



വളരെ മനോഹരമായ ഒരു ഗ്രാമമാണ് തേങ്കുറുശ്ശി. ആ നാട്ടിൽ ഒരു മിടുക്കനായ കുട്ടിയുണ്ടായിരുന്നു. അവന്റെ പേര് ദേവൻ എന്നായിരുന്നു. മാതാപിതാക്കളും സഹോദരങ്ങളുമൊന്നും അവനില്ലായിരുന്നു. അവന്റെ വീടിനു മുന്നിൽ വലിയ വലിയ വയലുകൾ ആയിരുന്നു. അത് കാണാൻ വളരെ  മനോഹരമാണ്. അവനു മൃഗങ്ങളെയും ജീവികളെയും ഉപദ്രവിക്കുന്നത് അവനിഷ്ടമല്ലായിരുന്നു. അവന്റെ വീടിനു മുന്നിൽ കുറച്ചു ദൂരെയായി ഒരു വലിയ വീടുണ്ട്. അവിടെ നിന്നും ഒച്ചയും അനക്കവുമൊന്നും കേൾക്കാറില്ല. അങ്ങനെയിരിക്കെ ദേവൻ അവിടെ


പോകാൻ തീരുമാനിച്ചു. അ വീടിനു മുന്നിൽ അവൻ എത്തിയപ്പോൾ കണ്ട കാഴ്ച അവനെ വേദനിപ്പിക്കുന്നതായിരുന്നു. വീടിനു ചുറ്റിലുമായി കൂടുകളിലും ടാങ്കുകളിലുമായി നിറയെ പക്ഷികളേയും മീനുകളേയും അടച്ചു വെച്ചിരിക്കുന്നു. ആ പക്ഷികൾ അവനോടു ഞങ്ങളെ രക്ഷിക്കൂ.,ഞങ്ങളെ രക്ഷിക്കൂ എന്ന് പറയുന്നത് പോലെ അവനു തോന്നി. അവനു ആ പക്ഷികളെ രക്ഷിക്കണമെന്നുണ്ടായിരുന്നു.  പക്ഷെ അവനു അത് സാധിച്ചില്ല. അവൻ പലപ്പോഴും ശ്രമിച്ചു. ഒരു ദിവസം ആ വീടിനു പിന്നിൽ ഒരു മരം ഉള്ളതായി അവൻ കണ്ടു. അവൻ ആ മരത്തിൽ കയറി ആ വീടിനുള്ളിൽ കയറിപ്പറ്റി. വീടിനകത്തു പോയി നോക്കിയപ്പോൾ നല്ല തടിച്ച ഒരു കുട്ടി ഇരിക്കുന്നതാണ് കണ്ടത്. ഏകദേശം ദേവന്റെ പ്രായമേ ആ കുട്ടിക്കും ഉണ്ടാകുള്ളൂ.. അപ്പു എന്നായിരുന്നു ആ കുട്ടിയുടെ പേര്. ദേവൻ ആ കുട്ടിയോട് എന്തിനാണ് പക്ഷികളെയും മീനുകളെയും കൂട്ടിൽ ഇട്ടു വെച്ചിരിക്കുന്നത് എന്നന്വേഷിച്ചു. ആ മിണ്ടാപ്രാണികൾക്കും സഹോദരങ്ങളും കൂട്ടുകാരും ഒക്കെ ഉണ്ടാകുമെന്നും നമ്മൾ അവരോടു ചെയ്യുന്നത് ക്രൂരതയാണെന്നും പറഞ്ഞു മനസിലാക്കി. പക്ഷികളോടും മീനുകളോടും ഒക്കെയുള്ള ദേവന്റെ സ്നേഹം കണ്ടപ്പോൾ അപ്പുവിന് അവനോടു ഇഷ്ടം തോന്നി. അങ്ങനെ അപ്പു ആ പക്ഷികളെയും

മീനുകളെയും തിരികെ കൊണ്ട് ചെന്ന് വിടാൻ തീരുമാനിച്ചു. അപ്പുവിനെ സഹായിക്കാനായി ദേവനും കൂടെ കൂടി. അതോടു കൂടി ദേവനും അപ്പുവും ഉറ്റ ചങ്ങാതിമാരായി മാറി. അന്ന് മുതൽ അപ്പുവിന് എന്തെങ്കിലും പറ്റിയാൽ ദേവനും ദേവന് എന്തെങ്കിലും ആവശ്യം വന്നാൽ അപ്പുവും ഓടിയെത്തും. ഓരോ

ദിവസവും അവരുടെ സൗഹൃദം ദൃഢമായിക്കൊണ്ടിരുന്നു..







***സഖി നിനക്കായ്***

***മഷി തീർന്ന***

***പേനകൾ***

***AJITHIYA***

***10B***

എഴുതാൻ ആഗ്രഹിച്ചു
എഴുതാമെന്ന് ഉറപ്പിച്ചു
എഴുതുവാൻ എഴുന്നേറ്റു
എഴുതുന്നതാലോചിച്ചു .....

ഓർമ്മകൾ ഓടിവന്നു
സാഹിത്യങ്ങൾ തിങ്ങി നിറഞ്ഞു

ചിന്തകൾ പുരോഗമിച്ചു
ആശയങ്ങൾ  ഉടലെടുത്തു

ഭാവനകൾ ഉദിച്ചു  ഉയർന്നു
കൽപ്പനകൾ അടുത്തിരുന്നു
ഭാവനയും കൽപ്പനയും
ഓർമ്മയും സാഹിത്യവും
ചിന്തയും  ആശയവും ആയി
ഇനി പേനയും പേപ്പറും മാത്രം
പേനക്കായി ഓടി നടന്നു
എൻ സഖി പേന  തന്നു

പേനയോ തുറക്കപ്പെട്ടു
മഷിയോ  തീർന്നിരുന്നു
ലോകത്തിനു നഷ്ട്ടപെട്ടു
ഒരു കവിതയും  കവിയത്രിയും



# മാതള നാരങ്ങയിലെ

# രത്ന കല്ല്

**KAVYA**
**VIIIB**

പണ്ട് പണ്ട് സാമൂതിരി രാജാവിൻറെ കാലത്തു നടന്ന ഒരു കഥയാണ് ഇതു .....

സാമൂതിരി രാജാവിനെപ്പോലെ തന്നെ മറ്റൊരു രാജാവ് ഉണ്ടരുന്നു ചന്ദ്രമൗര്യൻ .അദ്ദേഹം ഒരു പാവം ആരുന്നു. എല്ലാവരേയും സഹായിക്കും .ഒരുദിവസം ഒരു രഥത്തിൽ രാജാവ് പോകുക ആരുന്നു.അപ്പോൾ ഇടവഴിയിൽ രഥം നിർത്തി നോക്കുമ്പോൾ ഒരു പാവപ്പെട്ട മനുഷ്യൻ വിശന്നു വലഞ്ഞു നിക്കുന്നത് കണ്ടു.അയാളോട് രാജാവിന് ദയ തോന്നി..ഒരു നല്ലമനുഷ്യൻ ആണ് എന്ന് രാജാവ്വിനു തോന്നി കൊട്ടാരത്തിലേക്കു വിളിച്ചു കൊണ്ടുപോയി .അയാളുടെ വിവരങ്ങൾ എല്ലാം രാജാവ് ചോദിച്ചറിഞ്ഞു ....ഞാനൊരു പാവം ആണ് എനിക ആരും എല്ലാ എന്നും അയാൾ രാജാവിനോട് പറഞ്ഞു.അത് പറഞ്ഞു അയാടെ കണ്ണുകൾ നിറഞ്ഞു ....

രാജാവ് അയാളോട് പറഞ്ഞു നീ എൻെറ കൊട്ടാരത്തിൽ തന്നെ ജീവിച്ചുകൊള്ളാൻ പറഞ്ഞു. .....എന്നാൽ അയാൾ പറഞ്ഞു എനിക്ക് എത്ര വലിയ സൗകര്യം വേണ്ടാന്ന് പറഞ്ഞു

.അപ്പോൾ രാജാവ് ഒരു മാതള നാരങ്ങ കൈൽ കൊടുത്തു എന്നിട്ട് പറഞ്ഞു.ഇതു നീ ആർക്കും കൊടുക്കാതെ കഴിച്ചോ എന്ന് പറഞ്ഞു .അയാൾ നന്ദി പറഞ്ഞു അത് വാങ്ങിച്ചു കൊണ്ട് പോയി .

രണ്ടാം ദിവസം അതുവഴി പോയ രാജാവ് അയാളെ വീണ്ടും കണ്ടു.കൊട്ടാരത്തിലേക്കു വിളിച്ചുകൊണ്ടു പോയി ചോദിച്ചു ഇന്നലെത്തെ പഴം കഴിച്ചോ എന്ന് .അയാൾ വേഗം പറഞ്ഞു അങ്ങ് എന്നോട് ക്ഷമിച്ചാലും ഞാൻ അത് ഒരു പാവത്തതിന് കൊടുത്തു എന്ന് പറഞ്ഞു .അയാൾ എന്നെപോലെ വിശന്നു നടക്കുഅവരുന്നു എന്ന് പറഞ്ഞു.അപ്പോൾ രാജാവ് ഒന്നും പറഞ്ഞില്ല.അയാൾക് വയറു നിറച്ചു ഭക്ഷണം കൊടുത്തിട്ട് ചോദിച്ചു അതിൽ എന്താണ് വെച്ചിരിക്കുന്നത് എന്ന് അറിയാവോ എന്ന് ? എനിക്ക് അറിയില്ല രാജാവേ എന്ന് പറഞ്ഞു.അതിൽ നിറയെ രത്ന കല്ലുകൾ ആണ് നിറച്ചിരിക്കുന്നു എന്ന് രാജാവ് പറഞ്ഞു .സാരമില്ല രാജാവേ അയാൾ അതുകൊണ്ടു പോയി ജീവിക്കട്ടെ എന്നുപറഞ്ഞു അയാൾ യാത്ര ആയി....രാജാവ് എന്നും അയാൾക് വേണ്ടി കൊട്ടാരത്തിൽ കാത്തിരിക്കുന്നു.



# അമ്മ

KRISHNAMAYA
10B

ഹാ എത്ര സുന്ദരമായ പദം
ലോകത്തിൽ ഏറ്റവും വിലപിടിപ്പുള്ള രത്നം ....
അമ്മയുടെ സ്നേഹം ഹ എത്ര മാധുര്യം
'അമ്മ ഇല്ലാത്ത ലോകം എന്നത് ...
നരകത്തിലും ദുഷ്കരമായ ജീവിതം
നമ്മുടെ ജീവൻ തന്ന മഹാ വൃക്ഷം
കുഞ്ഞുനാൾ മുതൽ താലോലിച്ച ...
സ്വർഗ്ഗത്തിലും സുന്ദരമായ നാളുകൾ നൽകിയ ദൈവം
വളരെ പുളകിതമായ വേദന അനുഭവിച്ച
നമ്മുടെ ഉദ്ഭവം സാധ്യമാക്കി മുലയൂട്ടി
ലോകത്തിന്റെ സുന്ദരമായ കവാടം തുറന്നു കാണിച്ച ദൈവം
അമ്മയുടെ സ്നേഹത്തിനു പകരം നല്കാൻ ...
ഈ ലോകത്തിൽ എന്നല്ല അതിനു അപ്പുറവും എല്ലാ ഒന്നും
അമ്മയുടെ സ്നേഹത്തിന് അധിനത്തിൽ ആണ് ..
ലോകത്തിലെ സർവ ചര ചരവും.....

# ഓർമ്മച്ചെപ്പ്

വിമല

10 B

പണ്ട് പഠിച്ച സ്കൂളിലേക്ക്  ഏകയായി കടന്നു ചെന്നിട്ടു ഉണ്ടോ ?....കൂട്ടുകാർക്കു ഒപ്പമല്ല ഗെറ്റ് ടുഗതർ എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ഒത്തുചേരലുകളുടെ ബഹളത്തിലുമല്ല .

ആളും ആരാവും ഇല്ലാത്തപ്പോൾ ......
അധ്യാപകരും വിദ്യാർത്ഥികളും ഇല്ലാത്തപ്പോൾ .....
നമുക് കൂട്ടിനു സ്കൂൾ മാത്രം ......

അങ്ങനെ ഒരു മടങ്ങി പോക്ക് ഉണ്ടായിട്ടു ഉണ്ടോ?എന്നെങ്കിലും ?
അതൊരു വല്ലാത്ത അനുഭവം ആണ്
സൂര്യൻ അസ്തമയത്തിനു തയ്യാറെടുക്കുമ്പോൾ സ്കൂൾ കവാടം കടന്നു ചെല്ലണം ........
പിൻഡ്രോപ് സൈലെൻസ എന്ന് വിശേഷിപ്പിക്കാവുന്ന അവസ്ഥയാവണം .അവിടെ മുഴുവനും അലഞ്ഞു തിരിയണം ......അപ്പോൾ ഓർമ്മയുടെ വേലിയേറ്റം ഉണ്ടാകും....
കൂട്ടുകാരോട് ഒത്തു പോകുമ്പോൾ സംഭവിക്കാത്ത പല കാര്യങ്ങളും അന്ന് സംഭവിക്കും .നമുക് ചുവരുകളോടും തൂണുകളോടും സംസാരിക്കാം.....അവരുടെ നെഞ്ചിൽ മുഖം പൂഴ്ത്താം .......

അവര്ക് പറയാൻ ഉണ്ടാകും കഥകൾ ഏറെ ......സ്കൂൾ സ്റ്റേജിനു മുന്നിൽ കുറച്ചു നിമിഷങ്ങളെ നിൽക്കണം അതാ ആ കണ്ണിൽ

മുന്നിൽ ചില കാഴ്ചകൾ  കാണാം .......
സ്റ്റേജിൽ നിന്നും പ്രാർത്ഥനയും കലാപരിപാടികളും ഉയരുന്നു .മുറ്റം നിറയെ കുട്ടികൾ .പെട്ടന്ന് എല്ലാം മാഞ്ഞു പോകുന്നു.മുറ്റത്തു നമ്മൾ മാത്രം ....ക്ലാസ്സ്‌മുറികളിൽ രണ്ടും മൂന്നും തവണ നടക്കണം .അപ്പോൾ കേൾക്കാം ....

ഗുരുക്കന്മാരുടെ ശബ്ദം .........
എഴുത്തച്ഛൻ ........
വൃത്തങ്ങൾ ..............
'അമ്മ ,,,,,,,,.......................
ഓർഗാനിക്ക് സംയുകതങ്ങൾ ......
ന്യൂട്ടൻ നിയമങ്ങൾ ...........
**Snake and the mirror**........എന്നിങ്ങനെ തുടരുന്നു......

നിങ്ങൾക്കു കാണാം മുന്നിലെ ബെഞ്ചുകളിൽ കത്ത് കൂർപ്പിച്ചിരിക്കുന്ന മുഖങ്ങൾ .........താടിക്കു കൈയും കൊടുത്തു ഉറക്കത്തിലേക്കു വഴുതി വീഴാൻ പോകുന്ന ചില മുഖങ്ങൾ .ചില ഇടങ്ങളിൽ സാരമായ മാറ്റം സംഭവച്ചിട്ടു ഉണ്ടാകാം .അവിടെ നിൽക്കുമ്പോൾ ഒരു നെടുവീർപ്പിനു അപ്പുറമുള്ള ദുഃഖപ്രകടങ്ങൾ

ഒരു മാറ്റവും സംഭിക്കാത്ത ഭാഗങ്ങളിലേ ക്ക് കടന്നു ചെല്ലണം ,അവിടേയും ചില കാഴ്ചകൾ കാണാം ....

# ഓർമ്മകൾ  കാർമുകിലായും

വിമല 10B

പണ്ട് പഠിച്ച  കലാലയത്തിൽ
പിന്നെയും വന്നെത്തിടുമ്പോൾ
കാണുന്നവരുടെ  മിഴികൾ
കേൾക്കുന്നവരുടെ മൊഴികൾ
പാടിപടിച്ച മറന്നൊരു പാഠം
ചാരി നടക്കുന്ന ..................

ആരോ ചൊല്ലിയെ കവിത
കാറ്റുകൾ  മൂളുന്നു
പലകുറി നെഞ്ചിൽ ചേർത്തൊരു പുസ്തകം
പരിഭവ  മോതുന്നു
കോണിപ്പടിലെ  കാൽപ്പാടുകൾ
കാലം തെളിയുന്നു .......

ചില്ലിൽ ഒളിച്ചോരു  വാത്സല്യത്തിൽ
കൈവിരൽ  തേടുന്നു
പുടവയണിഞ്ഞൊരു   പുഞ്ചിരിയപ്പോൾ
പേര് വിളിക്കുന്നു ....
ഓർമ്മകളയും  കുളിർക്കുന്നു ..

# RILL

നിശബ്ദതയുടെ താഴ്വാരത്തിൽ നിന്നുള്ള മനോഹരമായ ഒരു സംഗീതം..........
നിശബ്ദതയുടെ നീർച്ചാലുകൾ അതിജീവിച്ചുള്ള ഒരു ഉയർത്തെഴുന്നേൽപ്പ് ...........
കാനനവും ,പുഴകളും ,ജൈവവൈവിദ്ധ്യവും കൊണ്ട് സമ്പന്നമായ ഭൂപ്രകൃതി .....
ഇവിടെ ആധുനികതയുടെ ക്രൂരമുഖങ്ങൾ ദുർമുഖം കാണിക്കാതിരുന്ന കാലത്ത് നിഷ്കളങ്കരായ കുരുന്നുകൾ താഴ്വാരങ്ങൾ താണ്ടി ,അക്ഷര വെളിച്ചം തേടി വിദ്യാലയങ്ങളിലേക്ക് ......പൈതൃക സ്വത്തായി ലഭിച്ച ,ആധുനിക സ്പർശം ഇല്ലാത്ത ജീവിതത്തിലൂടെ -ദാരിദ്ര്യം നിറഞ്ഞതും, തകർന്നടിഞ്ഞതുമായ മൺപാതകളെ അതിജീവിച്ച് പഠനത്തിലും ജീവിതത്തിലും വിസ്മയങ്ങൾ തീർക്കുന്നു ....ഇന്ന് കുട്ടികൾ വളർന്നു പഠനത്തിൽ .ഈ താഴ്വാരത്തുനിൽ നിന്നും ലഭിച്ച അറിവിൻറ് വെളിച്ചം ഇനി ഉള്ള കാലം ഏതു ഇരുട്ടു നിറഞ്ഞ മാർഗ്ഗവും പിന്നിട്ടു മുന്നേറാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു .....

**RILL**

എഡിറ്റോറിയൽ ടിം